COA | FO | DD(O&M) | TRG
26 SEP 2025
719
AO | PO | DD(R&D) | GIS

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് കൗഡംഗ് ഡി വാട്ടറിംഗ് മെഷീൻ വാങ്ങി നല്കാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2263/2025/LSGD തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:-
1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02/06/2025-ലെ കത്ത്.
2. അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24/05/2025-ലെ എ2-3515/2021 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 21/08/2025-ലെ 4.2 നമ്പർ തീരുമാനം.

**ഉത്തരവ്**

അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ശ്രീ. പ്രസന്നൻ നായർ, ശ്രീനിലയം, അതിദരിദ്ര ലിസ്റ്റിൽപ്പെട്ടിരുന്നു. (ഇ.പി.ഐ.പി 21563) ക്യാൻസർ ബാധിതനായിരുന്ന ഈ വ്യക്തി മരണപ്പെട്ടു. ടിയാന്റെ ഭാര്യ ശ്രീമതി. അനിതയും കുടുംബവും അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഇവർ വീടിനോട് ചേർന്ന് തൊഴുത്ത് നിർമ്മിച്ച് പശുക്കളെ വളർത്തിയാണ് വരുമാനമാർഗ്ഗം കണ്ടെത്തുന്നത്. സ്ഥലപരിമിതി മൂലം തൊഴുത്ത് നിർമ്മിച്ചിരിക്കുന്നത് പാറയുള്ള സ്ഥലത്താണ്. ഇവിടെ ചാണകക്കുഴിയും മൂത്രത്തൊട്ടിയും നിർമ്മിക്കുക സാധ്യമല്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സമീപവാസിയുടെ സ്ഥലത്തേക്ക് ചാണകവും മൂത്രവും ഒഴുകുന്നതിനാൽ ഇതുസംബന്ധിച്ച് സമീപവാസിയുടെ പരാതിയുണ്ട്. ഈ സാഹചര്യത്തിൽ കൗഡംഗ് ഡീവാട്ടർ ചെയ്ത് 80 ശതമാനം ഉണക്കി ലഭിക്കുന്ന മെഷീൻ (ഇടത്തരം) 100 ശതമാനം സബ്സിഡിയോടെ വാങ്ങി നല്കുന്നതിന് അനുമതി നല്കണമെന്ന പരാമർശം (1) (2) പ്രകാരമുള്ള അപേക്ഷ സർക്കാർ പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു.

ജില്ലാ പ്ലാനിംഗ് ഓഫീസർ ഇത് പ്രത്യേകം പരിശോധിച്ച് നല്കിയ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിലും, അതിദരിദ്ര കുടുംബത്തിൽപ്പെട്ട ഇവരുടെ ജീവിതമാർഗ്ഗമാണ് പശുവളർത്തൽ എന്നതിനാലും പ്രത്യേകാനുമതി നല്കി ഉത്തരവാകുന്നു. മെഷീൻ ജെം പോർട്ടൽ/ഇ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. മെഷീൻ സ്ഥാപിക്കുന്നതിന് ഷെഡ് അടക്കമുള്ള സൗകര്യം ഒരുക്കണം. ഒപ്പം അസിസ്റ്റന്റ് എഞ്ചിനീയർ അടക്കമുള്ള സാങ്കേതിക വിദഗ്ധരുടെ റിപ്പോർട്ട് കൂടി വാങ്ങി ഒരു ദിവസമുണ്ടാകുന്ന ചാണകം ഡീവാട്ടർ

ചെയ്യുന്നതിനാവശ്യമായ ശേഷിയുള്ള മെഷീൻ മാത്രമേ വാങ്ങാവൂ എന്നും ഉത്തരവാകുന്നു. മെഷീൻ കൈമാറ്റം ചെയ്യുന്നില്ല എന്നും ഗുണഭോക്താവ് മെഷീന്റെ പരിപാലനം നടത്തുന്നുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട ജില്ല.

സെക്രട്ടറി, അരുവാപ്പുലം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (3264355)

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 20-09-2025 11:15:18
സെക്ഷൻ ഓഫീസർ